# നായർ സമാജം ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ

## മാന്നാർ




# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

## അക്കാദമിക മാസ്റ്റർപ്ലാൻ

1. സ്കൂൾ വിവരങ്ങൾ
2. ആമുഖം
3. സ്കൂളിന്റെ ചരിത്രം
4. മികവിന്റെ കാഴ്ചപ്പാട്
5. അക്കാദമികം - നേട്ടങ്ങൾ, പരിമിതികൾ

   ഭൗതികം ,,

   സാമൂഹികം ,,
6. വികസന ലക്ഷ്യങ്ങൾ
7. പ്രവർത്തന വിശദാംശങ്ങൾ
8. ഉപസംഹാരം

## അദ്ധ്യായം 1

## ആമുഖം

പൊതു വിദ്യാഭ്യാസം എന്ന ആശയം തനതായ രീതിയിലൂടെ നടപ്പാക്കിയ ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളും ശക്തിപ്പെടുത്തുന്നതിൽ പൊതുസമൂഹം മുന്നോട്ടിറങ്ങിയ കാഴ്ച അഭിമാനകര മാണ്. നമ്മുടെ നാടിന്റെ നന്മയെന്ന് അംഗീകരിക്കപ്പെട്ട മതനിരപേക്ഷ നിലപാടും വ്യത്യസ്തതയെ ഉൾക്കൊള്ളാനുള്ള മനോഭാവവും സഹിഷ്ണുതയും കൂട്ടായി പ്രവർത്തിക്കാനുള്ള മനോഭാവവുമൊക്കെ വികസിച്ചുവന്നത് പൊതുവിദ്യാലയങ്ങളി ലൂടെയാണ്. ഇതിന് യാതൊരു കോട്ടവും വരാതെ ഇനിയും നിലനിർത്തേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യം ഗുണമേന്മ യുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടെ കഴിവും അറിവും അതാത് കാലഘട്ടത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും ഉയർന്നതലത്തിലേക്ക് എത്തിക്കേണ്ടതുണ്ട്.

വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം അവസരതുല്യത, പങ്കാളിത്തം, ഗുണനിലവാരം, ലിംഗസമത്വം, മാനവികത എന്നിവയ്ക്ക് പ്രധാന്യം നൽകുക കൂടി നമ്മുടെ കടമയായി കരുതണം. അതോ ടൊപ്പം പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ വിദ്യാർത്ഥികളുടേയും ശാരീ രിക, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടേയും പ്രശ്നങ്ങൾക്ക് അർഹി ക്കുന്ന പ്രധാന്യം നൽകാൻ നമ്മൾ പ്രതിജ്ഞാബദ്ധരാണ്. ഇവയ്ക്കെല്ലാം പരിഹാര മായി നമുക്ക് മുന്നോട്ട് വെയ്ക്കാനുള്ളത് അക്കാദമിക മികവുകളാണ്. കാരണം, വരും തലമുറയ്ക്ക് ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടുന്നതിനും ശരിയായ ജീവിതരീതികളിലൂടെ കഴിവുള്ളവരും പ്രാപ്തരുമായി മാറുന്നതിനും ഈ മികവുകൾ സഹായകരമാകും.

അക്കാദമികമായ ഇത്തരം കാര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഈ ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഒരോ കുട്ടി യുടെയും സവിശേഷവുമായ കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് അവസരങ്ങൾ ഒരുക്കാൻ കഴിയൂ.

സമഗ്രമായ കാഴ്ചപ്പാടും പ്രവർത്തന പദ്ധതികളും ഇതിനു വേണ്ടി വരും. ഈ ദിശയിലേക്കുള്ള ബഹുജന കൂട്ടായ്മയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഭരണകർത്താക്കളും ഭരണനിർവാഹകരും പൊതുസമൂഹവും ഒരുമിച്ച് ചേർന്ന് 'ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' എന്ന കാഴ്ച പ്പാടിന് അനുഗുണമായി സ്കൂളുകളെ മികവിന്റെ കേന്ദങ്ങളാക്കി മാറ്റാനുള്ള കൂട്ടായ അന്വേഷണമാണ് വേണ്ടത്. ഇതാണ് പൊതുവിദ്യാഭ്യാസയജ്ഞം വിഭാവനം ചെയ്യുന്നത്.

ഇതിന്റെ ഭാഗമായി ഓരോ സ്ഥാപനവും ഗുണമേന്മാ വിദ്യാഭ്യാസം ഒരുക്കു ന്നതിനായുള്ള അക്കാദമിക പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. ഈ അക്കാദമിക

പദ്ധതി സാധ്യമാക്കുന്നതിനനുകൂലമായ ഭൗതിക സൗകര്യ വികസനാസൂത്രണവും ഉണ്ടാകണം. അതോടൊപ്പം പ്രധാനമാണ് ഈ സംരംഭത്തിൽ എങ്ങനെ അർത്ഥപൂർണ്ണമായി എല്ലാവരേയും പങ്കാളികളാക്കാം എന്നത്. ഇതിന് സഹായക മായ സാമൂഹിക പങ്കാളിത്ത പദ്ധതി തയ്യാറാക്കണം. ഇതെല്ലാം ഉദ്ഗ്രഥിച്ചതാകും ഓരോ സ്ഥാപനത്തിന്റയും സമഗ്രവിദ്യാഭ്യാസ വികസന പദ്ധതി.

കേരള സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ വിദ്യാലയവും അക്കാദമിക മികവിന്റെ കേന്ദ്രമാക്കുക എന്ന കർമ്മപദ്ധതിയെ മാന്നാർ നായർ സമാജം ബോയ്സ് ഹൈസ്ക്കൂളും ഏറ്റെടുക്കുക യാണ്. 5 വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തന പദ്ധതിയിലൂടെ വിദ്യാർത്ഥികളെ അറിവിന്റെയും അനുഭവത്തിന്റെയും പ്രായോഗിക പരിജ്ഞാനത്തിന്റെയും മൂശകളി ലൂടെ സംസ്കരിച്ച് സമ്പൂർണ്ണ വ്യക്തിത്വങ്ങളാക്കുവാനുള്ള ശ്രമമാണ് ഞങ്ങൾ ഏറ്റെടുക്കുന്നത്. 5-ാം ക്ലാസ്സിൽ ഞങ്ങളുടെ മുൻപിലെത്തുന്ന പിഞ്ചുബാല്യങ്ങളെ 10-ാം ക്ലാസിൽ ഈ വിദ്യാലയത്തോട് വിടപറയുന്ന വേളയിൽ ഉപരിപഠനത്തിന് തികച്ചും യോഗ്യരായ, മാനസീകമായും, ശാരീരികമായും സജ്ജരായ വിദ്യാർത്ഥി സമൂഹമാക്കി മാറ്റണമെന്ന ലക്ഷ്യത്തെ ഉൾക്കൊണ്ടുള്ള പ്രവർത്തന പദ്ധതികളാണ് ഞങ്ങൾ സജ്ജീകരിക്കുന്നത്.

ഏതൊരു സ്ഥാപനത്തിന്റെയും സർവ്വതോന്മുഖമായ വളർച്ച ആ ലക്ഷ്യത്തിനു വേണ്ടിയുള്ള ചിട്ടയായ പ്രവർത്തനങ്ങൾ ഒന്നു മാത്രമാണ്. സുവ്യക്തമായ കാഴ്ചപ്പാടോടെ ലക്ഷ്യത്തിലെത്താൻ വേണ്ടുന്ന പദ്ധതികളുടെ തിരഞ്ഞെടുപ്പ്, സമയബന്ധിയായ അവതരണം, തുടർച്ചയായ വിശകലനം ഇതെല്ലാം ലക്ഷ്യപ്രാ പ്തിയുടെ ഘടകങ്ങളാണ്.

## അദ്ധ്യായം 2

## ചരിത്രം

മാന്നാർ എന്ന നാടിന്റെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ നിസ്തുലമായ പങ്കുവഹിച്ച മാന്നാർ നായർ സമാജം സ്കൂൾ 115 വർഷങ്ങൾക്ക് മുൻപ് സ്ഥാപിതമായതാണ്. 1178 ചിങ്ങമാസത്തിൽ ശ്രീമാൻ വെച്ചൂരേത്ത് എസ്. കൃഷ്ണപിള്ള എന്ന മഹത് വ്യക്തി, തന്റെ ജന്മഗൃഹമായ വെച്ചൂരേത്ത് സ്ഥാപിച്ച വിദ്യാലയമാണ് ഇന്നത്തെ നായർ സമാജം ബോയ്സ് ഹൈസ്ക്കൂൾ. മാന്നാറിലേയും പരിസര പ്രദേശങ്ങളിലേയും എല്ലാ ജനവിഭാഗങ്ങളുടേയും ഉന്നമനം ലക്ഷ്യമിട്ടു കൊണ്ട് വെച്ചൂരേത്ത് ഗൃഹത്തിൽ നിന്നും ഇന്നു കാണുന്ന സ്കൂൾ അങ്കണത്തിലേക്ക് 1904 ജനുവരിയിൽ മാറ്റപ്പെട്ട നായർ സമാജം വിദ്യാലയം 1906ൽ ഒരു പൂർണ്ണ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. ദിവാൻ സർ സി.പി രാമസ്വാമി അയ്യരുടെ പ്രൈവറ്റ് സ്കൂളുകളെ ദേശിയമാക്കാ നുള്ള ശ്രമത്തിന്റെ ഫലമായി 1121ലെ ഉത്തരവിൻ പ്രകാരം പ്രൈമറി വിഭാഗം ഗവൺമെന്റ് സ്ഥാപനമാക്കി മാറ്റുകയുണ്ടായി.

കാലക്രമേണ ഈ വിദ്യാലയം പുരോഗതിയിലേക്ക് കുതിച്ചപ്പോൾ ബോയ്സ് എന്നും ഗേൾസ് എന്നും രണ്ടായി തിരിച്ച് പ്രവർത്തിക്കുകയുണ്ടായി. അദ്ധ്യാപക പരിശീലന ത്തിനായി ട്രെയിനിംഗ് സ്കൂളും പിന്നീട് ഹയർ സെക്കന്ററി വിഭാഗവും നായർ സമാജം ബോയ്സ് സ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്നു.

1/10/1962ലാണ് ഇന്നു കാണുന്ന നായർ സമാജം ബോയ്സ് ഹൈസ്ക്കൂൾ വേർതി രിഞ്ഞ് പൂർണ്ണവിദ്യാലമായി മാറ്റപ്പെട്ടത്. 2002ൽ ശതാബ്ദി ആഘോഷിച്ച ഈ വിദ്യാലയം ഒരു നാടിന്റെ പുരോഗതിയുടെ നെടും തൂണായി ഇന്നും നില കൊള്ളുന്നു. വ്യത്യസ്ത ജാതി, മത വിഭാഗങ്ങൾ ഇടകലർന്ന് ഒന്നായി സഹവസി ക്കുന്ന മാന്നാറിന്റെ ഒരു പരിച്ഛേദം തന്നെയാണ് നായർ സമാജം ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ. ജാതി, മത സ്പർധകളില്ലാതെ 'സോദരത്വേന വാഴുന്ന മാതൃകാ വിദ്യാലയം' തന്നെയായിരുന്നു എന്നും നായർ സമാജം സ്കൂൾ.

അനേകം മഹത് വ്യക്തിത്വങ്ങളെ സംഭാവന ചെയ്യാൻ ഈ വിദ്യാലയ മുത്തശ്ശിക്ക് സാധിച്ചിട്ടുണ്ട് എന്നത് തികച്ചും ചരിതാർത്ഥമാണ്. യശഃശരീരനായ പുതുപ്പള്ളി കൃഷ്ണപിള്ള, ജഡ്ജി ലക്ഷമണൻ പിള്ള, അമ്പലപ്പാട്ട് ദാമോദരൻ ആശാൻ, മുൻമന്ത്രി കെ.സി.ജോർജ്ജ്, എം.എൽ.എ പി.ജി.പുരുഷോത്തമൻ പിള്ള, പ്രസിദ്ധ സാഹിത്യകാരന്മാരായ കൈനിക്കര സഹോദരന്മാർ, ശ്രീ. എൻ ശ്രീകണ്ഠൻ നായർ, കെ.എൽ മോഹനവർമ്മ, ഭാഭ ആറ്റമിക് റിസർച്ച് സെന്റർ ഡയറക്ടർ ഡോ: കെ.എ ദാമോദരൻ, ശങ്കരനനാരായണൻ തമ്പി, റിട്ടയേർഡ് ഐ.ജി കുരിയാക്കോസ് എന്നിവർ ഈ വിദ്യാലയം സമൂഹത്തിന് സംഭാവന ചെയ്ത ശ്രേഷ്ഠ വ്യക്തിത്വങ്ങളിൽ ചിലർ മാത്രമാണ്.

ശ്രീമാൻ വി.എസ്. കൃഷ്ണപിള്ള മനേജരായും, ചേരിയിൽ കൊച്ചുകുഞ്ഞ് കുറുപ്പ് പ്രഥമ അദ്ധ്യാപകനായും ആദരിച്ച ഈ സരസ്വതീക്ഷേത്രത്തിന്റെ ഇപ്പോഴത്തെ മാനേജർ ശ്രീ. വെരൂർ രാമചന്ദ്രൻനായരും പ്രസിഡന്റ് ശ്രീ. കെ.ജി വിശ്വനാഥൻ നായരുമാണ്. പ്രഥമാദ്ധ്യാപിക ശ്രീമതി. സുജ എ.ആറും ആണ്

മാന്നാറിന്റെ ഹൃദയഭാഗത്ത്, കായംകുളം-തിരുവല്ല ദേശിയപാതയുടെ ഓരം ചേർന്ന് തലയുയർത്തിനിൽക്കുന്ന നായർ സമാജം ബോയ്സ് ഹൈസ്ക്കൂൾ വിദ്യാർത്ഥി കളുടെ പാഠ്യ, പാഠ്യേതര വിഷയങ്ങളിൽ മികച്ച നിലവാരം പുലർത്തിക്കൊണ്ട് മുന്നേറുന്നു. എസ്.എസ്.എൽ.സി പരീക്ഷകളിലും കലാ-കായിക മത്സരങ്ങളിലും മികച്ച പ്രകടനം ഓരോ വർഷവും കാഴ്ചവെയ്ക്കുവാൻ മാന്നാർ നായർ സമാജം ബോയ്സ് ഹൈസ്ക്കൂളിന് സാധിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

## അദ്ധ്യായം 3

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ ഭൗതിക സാഹചര്യങ്ങൾ. മനുഷ്യ വിഭവശേഷി, സമ്പത്ത്, വിവിധ സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ വേണം. സ്കൂൾ മികവിന്റെ കാഴ്ചപ്പാടിൽ ഈ സാമഗ്രികൾ എല്ലാം അത്യന്താപേക്ഷിതമാണ്. കൂടാതെ ഓരോ കുട്ടിയും വ്യക്തിശുചിത്വം പാലിക്കുക സമൂഹത്തിലിടപെടാനുള്ള ശേഷി കൈവരിക്കുക. ആഹാര, ആരോഗ്യമേഖലകളിൽ സ്വയം പര്യാപ്തത നേടുക എന്നിവ ഒരു മികച്ച വിദ്യാലയത്തെ സൃഷ്ടിച്ചെടുക്കാൻ പര്യാപ്തമാണ്.

സ്കൂളുകളുടെ ഘടന പൊതുജനസമ്പർക്കമുള്ളതും, പി.റ്റി.എയുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതും ആവണം. പാഠപുസ്തകങ്ങൾക്കും ക്ലാറിയിലെ പ്രവർത്തനങ്ങൾക്കും ഉപരി തന്റെ ചുറ്റുപാടുമുള്ള യഥാർത്ഥ സാമൂഹിക പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് ജീവിതഗന്ധിയായ പഠനപ്രവർത്തനങ്ങളിലൂടെ കുട്ടിയുടെ പ്രശ്ന പരിഹരണശേഷി വർദ്ധിപ്പിക്കുകയും സാമൂഹിക പ്രശ്നങ്ങൾ ഏറ്റെടുത്ത് ജനപങ്കാളിത്തത്തോടെ ജനാധിപത്യരീതിയിൽ ചർച്ചകളിലൂടെ, അന്വേഷണങ്ങളിലൂടെ, പഠനയാത്രകളിലൂടെ, നവമാധ്യമ ഐ.സി.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തി വിവിധങ്ങളായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും അനുയോജ്യമായ രീതിയിൽ പ്രശ്നം പരിഹരിച്ച് സാമൂഹ്യപുരോഗതിയിൽ ഓരോ കുട്ടിക്കും തന്റേതായ പങ്കുവഹിക്കുവാനുണ്ട് എന്ന് ഓർമ്മിപ്പിച്ചുംകൊണ്ട് കുട്ടിയുടെ സമഗ്രവികസനം യഥാർത്ഥമാക്കുകയാണ് സ്കൂളിന്റെ ലക്ഷ്യം.

വ്യക്തിശുചിത്വം പാലിക്കേണ്ടതിനൊപ്പം പരിസരശുചിത്വവും മാനിക്കേണ്ടതിനെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. കർഷകൻ രാജ്യത്തിനുവേണ്ടി അധ്വാനിക്കുന്നവൻ എന്ന സന്ദേശം കുട്ടികളിൽ എത്തിക്കേണ്ടതാണ്. കൃഷി സ്കൂളിൽ നിന്നും തുടങ്ങുക. കുട്ടികൾ ഗാർഹിക കൃഷിയുടെ ആവശ്യകത അറിയുക. കൃഷിയിലേക്ക് അടുത്ത തലമുറയെ സജീവമാക്കുക എന്നതും ലക്ഷ്യമാണ്.

കലാകായിക രംഗത്തുള്ള സമഗ്രവികസനം കലകളുടെ പരിശീലനം, കായിക പരിശീലനം എന്നിവയിലൂടെ സാധ്യമാവും.

ഹൈടെക് ക്ലാസ്റൂം, ഡിജിറ്റൽ ലൈബ്രറി, എന്നിവയും സാധ്യമാവേണ്ടതാണ്.

ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേകം അദ്ധ്യാപകർ, കലാകായികരംഗത്തുള്ള പ്രത്യേക പരിശീലനം ഇവ അത്യാവശ്യമാണ്. അങ്ങനെ അക്കാദമിക രംഗത്ത് അവരുടെയും പുരോഗതി ഉറപ്പാക്കാം.

ഓരോ കുട്ടിയും പഠനത്തിലൂടെ പാരിസ്ഥിതിക അവബോധം സൃഷ്ടിക്കേ ണ്ടത് ആവശ്യമാണ്. നെൽവയൽ, തണ്ണീർത്തടങ്ങൾ എന്നിവയുടെ പാരിസ്ഥിതക പ്രാധാന്യത്തെക്കുറിച്ച് കൂടുതൽ അറിവ് നേടേണ്ടതുണ്ട് കൃഷി ഒരു സംസ്കാരമായി കാണാനുള്ള ശേഷി കുട്ടി വിദ്യാഭ്യാസത്തിലൂടെ കൈവരിക്കണം. പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാലയം സമൂഹത്തിന് മാതൃകയാകേണ്ടതുണ്ട്.

കാർഷികവൃത്തിയിൽ അധിഷ്ഠിതമായ സമ്പന്നമായ ഒരു സംസ്കാരത്തിലൂടെയാവണം പൊതുവിദ്യാലയത്തിൽ പഠിക്കുന്ന ഓരോ കുട്ടിയും കടന്നു പോവേണ്ടത്. ജൈവസമ്പന്നമായ ഒരു ഭാവികാലം - ഉറപ്പുവരുത്തുവാൻ ഓരോ കുട്ടിയേയും അതുവഴി സമൂഹത്തേയും പ്രാപ്തമാക്കുക എന്ന ശ്രമമാണ് ഈ പ്രവർത്തനത്തിലൂടെ ഞങ്ങൾ കാഴ്ചവെക്കുന്നത്.

നായർ സമാജം സ്കൂൾ ഏറ്റെടുക്കുന്ന പ്രവർത്തന പദ്ധതികൾ ആണ് രൂപ രേഖയിൽ തയ്യാറാക്കിയിരിക്കുന്നത് ഈ പ്രവർത്തനങ്ങളിലൂടെ നമ്മുടെ വിദ്യാ ലയം മികച്ചനിലവാരത്തിലെത്തും എന്ന കാഴ്ചപ്പാടോടെയാണ് മാസ്റ്റർ പ്ലാൻ അവ തരിപ്പിച്ചിട്ടുള്ളത്.

1. അടിസ്ഥാനപരമായി ലഭിക്കേണ്ട വിദ്യാഭ്യാസം എല്ലാ കുട്ടികളിലും ലഭി ക്കുന്നു എന്ന് ഉറപ്പുവരുത്തുക.

2. കൃഷി ഒരു സംസ്കാരമായി കുട്ടികളിൽ വളർത്തിയെടുക്കുക, ആഭിമുഖ്യം വർദ്ധിപ്പിക്കുക.

3. വ്യക്തിശുചിത്വം, പരിസരശുചിത്വം ഇവ പാലിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുക.

4. സർഗ്ഗപരവും, അക്കാദമികവും കായികവുമായ കഴിവുകൾ പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക

## പൊതുവായ ലക്ഷ്യങ്ങൾ

മാന്നാർ നായർ സമാജം ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ വ്യത്യസ്തമായ പദ്ധതികളാണ് ഏറ്റെടുക്കുന്നത്. തികച്ചും വിഭിന്ന സാഹചര്യങ്ങളിൽ നിന്നും വരുന്ന വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ട കുട്ടികളാണ് സ്കൂളിലു ള്ളത്. ഇത്തരത്തിൽ 5-ാം ക്ലാസ്സിലേക്ക് വന്നുചേരുന്ന വിദ്യാർത്ഥികളെയാണ് ഈ പദ്ധതിയിലേക്ക് ലക്ഷ്യമിടുന്നത്. ഈ വിദ്യാർത്ഥികളിലെ ഭൂരിഭാഗവും മാതൃഭാഷ പോലും ഭേദപ്പെട്ടനിലയിൽ കൈകാര്യം ചെയ്യാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. ഇവരെ 3 ഭാഷകളും ശരിയായ വണ്ണം കൈകാര്യം ചെയ്യാനും സാഹിത്യകൃതി കളേയും കലകളേയും ആസ്വദിക്കാവുന്ന സാംസ്കാരികനില കൈവരിക്കുവാനും സാധിക്കത്തക്കവിധം ഉള്ള ഭാഷാനൈപുണ്യമാണ് പ്രഥമ സംരംഭം.

കലാകായികരംഗങ്ങളിൽ താൽപര്യമുള്ള ധാരാളം കുട്ടികൾ സ്കൂളിൽ വന്നു ചേരാറുണ്ട്. അവർക്കു വേണ്ടുന്ന സൗകര്യങ്ങൾ ഒരുക്കി അവരിൽ ചിലരെയെ ങ്കിലും തികച്ചും പ്രൊഫഷണലാക്കുന്ന ഒരു പ്രവർത്തനപദ്ധതിയും ഞങ്ങൾ ഉദ്ദേശിക്കുന്നു. ഒപ്പം സ്വയം തൊഴിൽ കണ്ടെത്തി സ്വജീവിതം കരുപിടിപ്പിക്കുന്ന സ്വയം തൊഴിൽ പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്.

**Introduction**

Why we are learning language? It is for our life itself. As an intenational language, English has prominent place in our curriculum. Why do our children have little interest in learning English? What are the major problems, they are facing when they learn the language? Considering the the facts mentioned above a work plan for promoting language studies is essential in the present scenario.

**ഹൈടെക് ക്ലാസ്റൂമുകൾ**

എല്ലാ ക്ലാസ് റൂമുകളും ഹൈടെക് ആക്കുക. ഡിജിറ്റൽ ലൈബ്രറി, വൈ-ഫൈ കണക്ഷൻ. ക്ലാസ് റൂമുകൾ ശീതികരിക്കുക. കമ്പ്യൂട്ടർ വൽകൃത ക്ലാസ്റൂമുകൾ പ്രൊജക്ടർ എല്ലാ ക്ലാസ്റൂമിലും ലഭ്യമാക്കുക.

**കല**

ക്ലാസ് റൂം പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ അഭിരുചി കണ്ടത്തുന്നു. യുവജനോത്സവം ഒരു പരിധിവരെ കുട്ടികളുടെ കഴിവ് അളക്കാൻ സഹായിക്കുന്നു. നൃത്തം, ചെണ്ട, മൃദംഗം, ചിത്രകല, സംഗീതം, വയലിൻ, കീബോർഡ്, ഗിറ്റാർ തുടങ്ങിയ ഇനങ്ങളിൽ കുട്ടികളെ പ്രത്യേക പരിശീലനം നടത്താൻ വേണ്ട സൗകര്യം, ആർട്ടി ഗാലറി മുതലായവ നിർമ്മിക്കുണം. ശനി, ഞായർ ദിവസങ്ങളിൽ ഇതനു വേണ്ടുന്നതായ സമയം ഒരുക്കുന്നുണ്ട്. ഭിന്നശേഷിയുള്ള കുട്ടികൾക്കും കലാപരിശീലനം നടത്തുവാൻ അവസരം ഒരുക്കണം. ഇതിനുവേണ്ട സാമ്പത്തികം അദ്ധ്യാപകരും, ഗവൺമെന്റും സംയുക്തമായി കണ്ടെത്തേണ്ടതാണ്. കുട്ടികൾക്ക് കലയെ ജീവിതോപാധിയാക്കാൻ ഇത്തരം പരിശീലനം സഹായക മാവും.

**കായികം**

ഉന്നതവിദ്യാഭ്യാസത്തിനും അതുവഴി മികച്ച ജോലി സാധ്യതകളും കണ്ടെത്താൻ ഉപകരിക്കുന്നതാവണം കായിക വിദ്യാഭ്യാസം. ആരോഗ്യമുള്ള ശരീരവും

ആരോഗ്യമുള്ള മനസ്സും പരസ്പരപൂരകങ്ങളാണ്. അതുകൊണ്ടുതന്നെ വിദ്യാർത്ഥി കൾക്ക് യോഗ, മെഡിറ്റേഷൻ തുടങ്ങിയ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. ഇത്തരം ചിട്ടയായ പരിശീലനം സിദ്ധിക്കുന്ന വിദ്യാർത്ഥികൾ അനാരോ ഗ്യമായ ഭക്ഷണ ശീലങ്ങളിൽ നിന്നും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ദുശ്ശീലങ്ങളിൽ നിന്നും മാറി സഞ്ചരിക്കുന്നു എന്നത് ശ്രദ്ധേയമായ വസ്തുതയാണ്.

കുട്ടികളെ കളികളിൽ പങ്കെടുപ്പിച്ച് അവരവരുടെ അഭിരുചികൾ മനസ്സിലാക്കുന്നു. സ്കൂൾ തലത്തിൽ കായികമേളകൾ, മത്സരങ്ങൾ ഇവ കാണാൻ അവസരം ഒരുക്കുന്നു. യോഗാ ക്ലാസുകൾ ദൈനംദിന പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നു. മികച്ച കളിക്കാരെ പരിചയപ്പെടാനും അവരുടെ പ്രവർത്തനം നേരിൽ കണ്ട് വില യിരുത്താനും അവസരം ഒരുക്കുന്നു.

**പരിസ്ഥിതി, ജൈവകൃഷി**

കാർഷിക വൃത്തിയിൽ അധിഷ്ഠിതമായ സമ്പന്നമായ ഒരു സംസ്കാരമായി രുന്നു നമ്മുടെ കേരളത്തിന്റേത്. എന്നാൽ കൃഷിയോട് വൈമുഖ്യം കാണിക്കുന്ന ഒരു തലമുറയാണ് ഇന്നുള്ളത്. ഉപഭോക്തൃസംസ്കാരത്തിൽ നിന്നും കാർഷിക സംസ്കാരത്തിലേക്കുള്ള ഒരു തിരിച്ചുവരവിലൂടെ മാത്രമേ ഇനിയുള്ള കാലം നമുക്ക് നിലനിൽപ്പുള്ളൂ എന്ന ബോധം കുട്ടികളിലും രക്ഷിതാക്കളിലും അതുവഴി സമൂഹത്തിലും പകർന്നു നൽകാനുതകുന്ന വിധത്തിലാണ് മാന്നാർ എൻ.എസ്സ്. ബി.എച്ച്.എസ്സ് ൽ കാർഷിക പദ്ധതികൾ തയ്യാറാക്കി, അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

തനിക്കും സഹജീവികൾക്കും നിലനിൽക്കാൻ സസ്യങ്ങൾ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ് സസ്യസംരക്ഷണ പ്രവർത്തനങ്ങളിൽ ഒറ്റയും കൂട്ടായും ഇടപെടുന്ന തിനുള്ള പരിസ്ഥിതി സൗഹൃദപരമായ മനോഭാവം കുട്ടികളിലും സമൂഹത്തിലും വളർത്തിയെടുക്കാൻ ഉതകുന്ന പദ്ധതികളാണ് സ്കൂൾ വിഭാവനം ചെയ്യുന്നത്.

പരിസരം നിരീക്ഷിക്കാനും ജീവികൾ തമ്മിലുള്ള പരസ്പരബന്ധം മനസ്സിലാക്കി ജീവലോകത്ത് ഓരോ ജീവജാലങ്ങളുടേയും സ്ഥാനം തിരിച്ചറിയാനുമുള്ള അവസരം വിദ്യാർത്ഥികൾക്കു ലഭിക്കുന്നതു വഴി പരിസ്ഥിതി സ്നേഹം വളർത്തു വാനും സസ്യസംരക്ഷണം ഉറപ്പാക്കാനും സാധിക്കുന്നു.

ഇതിന് സഹായകമാകുന്ന തരത്തിൽ പരിസ്ഥിതിയെ മനസ്സിലാക്കാനുള്ള ഫീൽഡ് ട്രിപ്പുകൾ, വന നിർമ്മാണം, ജൈവവൈവിധ്യ പാർക്ക്. നിർമ്മാണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭഷ്യലഭ്യത ഉറപ്പാക്കാനുള്ള കാർഷിക പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നിന്നു തന്നെ ശീലിക്കുക എന്ന ആശയം മുൻനിർത്തി നടപ്പിലാക്കുന്ന പച്ചക്കറി കൃഷി മുൻവർഷങ്ങളിൽ ഇവിടെ വൻ വിജയമായിരുന്നു. ഇതിന്റെ തുടർച്ചയായി ഈ വർഷവും പ്രസ്തുത പദ്ധതി നടപ്പിലാക്കി സമൂഹത്തിലേക്ക് ഈ മനോഭാവം വ്യാപിപ്പിക്കുന്നതിനും കൃഷിയിൽ തത്പരരായ രക്ഷിതാക്കൾക്ക് പരിശീലനം നൽകുവാനും ഉള്ള ഈ ശ്രമം എൻ.എസ്സ്.ബി.എച്ച്.എസ്സ്ന്റെ ഒരു അഭിമാന പദ്ധതിയായി തന്നെ ഉൾപ്പെടുത്തിയിരിക്കുന്നു.

ജൈവസമ്പന്നമായ ഒരു ഭാവി കാലം ഉറപ്പുവരുത്തുവാൻ ഓരോ കുട്ടിയെയും അതുവഴി സമൂഹത്തേയും പ്രാപ്തരാക്കാനുള്ള ഒരു ശ്രമമാണ് ഞങ്ങൾ ഈ പദ്ധതികളിലൂടെ ഉദ്ദേശിക്കുന്നത്.

**2025-26 പ്രത്യേക പ്രവർത്തനങ്ങൾ**

2025-26 അക്കാദമിക വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ **'സമഗ്ര ഗുണമേൻമ വിദ്യാഭ്യാസം'** എന്ന ആശയം മുൻനിർത്തിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഓരോ പഠിതാവിനെയും ഒരോ യൂണിറ്റുകൾ ആക്കി കണക്കാക്കി, സവിശേഷ കഴിവുകളെ വികസിപ്പിക്കാൻ പ്രാപ്തമാക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക, പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികവ് തെളിയിക്കുക, സാമൂഹികവും സാംസ്കാരികവുമായ വികാസം നേടുക,മൂല്യങ്ങളും മനോഭാവങ്ങളും മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ ആർജ്ജിക്കുവാൻ സഹായകമായ പ്രത്യേകം പഠന പ്രവർത്തനങ്ങൾ അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**വ്യക്തിഗത മാസ്റ്റർ പ്ലാൻ**

വിദ്യാർത്ഥികളുടെ പഠനനിലവാരം മനസ്സിലാക്കി പ്രത്യേക പരിഗണന ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചു കുട്ടികളുടെ പഠന നിലവാരത്തിലെ പിന്നോക്കാവസ്ഥ മറികടക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് ഓരോ വിഷയത്തിലും പരീക്ഷ നടത്തി പഠന പിന്തുണ ആവശ്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുകയും അവർക്ക് തുടർ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടത്തുവാനും പഠിതാക്കളുടെ സവിശേഷ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കാനും ഉള്ള കർമ്മപദ്ധതികൾ രൂപീകരിക്കുവാൻ തീരുമാനിച്ചു

അധ്യാപകർ സബ്ജക്ട് കൗൺസിൽ യോഗങ്ങൾ മുഖേന വ്യക്തിഗത കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യുവാനും മുഴുവൻ കുട്ടികൾക്കായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് മുഖേന കർമ്മ പദ്ധതി ആസൂത്രണം ചെയ്യുവാനും തീരുമാനിച്ചു

2025-26 അക്കാദമിക വർഷത്തിൽ ഗവ. നിർദ്ദേശപ്രകാരം ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തുവാൻ തീരുമാനിച്ചു

**മയക്കുമരുന്ന്/ലഹരി ഉപയോഗത്തിനെതിരെ :-**

5 മുതൽ 10 വരെയുള്ള ക്ലാസുകളിലാണ് ലഹരിക്കെതിരായ മനോഭാവം കുട്ടികളിൽ ഉളവാകാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടക്കേണ്ടത്. മയക്കുമരുന്ന്/ലഹരി എന്നിവ ഉപയോഗിക്കില്ല എന്ന നിലപാട് കുട്ടികളിൽ ഉണ്ടാവാൻ ആവശ്യമായ ധാരണകളാണ് രൂപപ്പെടുത്തേണ്ടത്. അതിനായി കുട്ടികളുടെ പ്രായം പരിഗണിച്ചുള്ള സംവാദങ്ങളും പഠനപ്രവർത്തനങ്ങളുമാണ് ഒരുക്കേണ്ടത്. മുതിർന്നവരുടെ ധാരണ കുട്ടികളിലേക്ക് പകർന്ന് കൊടുക്കുകയോ അടിച്ചേൽപ്പിക്കുകയോ ചെയ്യുന്നതിനേ ക്കാൾ പ്രയോജനം ചെയ്യുക ഒരു ക്ലാസിലെ വിവിധ സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികൾ ലഹരി ഉണ്ടാക്കുന്ന അപകടങ്ങളെക്കുറിച്ചും അതിനെതിരായ അവരുടെ അഭിപ്രായങ്ങളും ധാരണകളും പങ്കു വെച്ച് പൊതുവായ നിലപാടിലേക്ക് എത്തുന്നതാണ് ഉചിതം. ഇങ്ങനെ കുട്ടികളുടെ മനസ്സിലുള്ള കാര്യങ്ങൾ പ്രകടിപ്പി ക്കാൻ തെളിവാനം വരയ്ക്കുന്നവർ' എന്ന പുസ്തക വായനയുടെ അടിസ്ഥാനത്തിൽ കുട്ടികൾ അവരുടെ ജീവിത പരിസരത്തെ പരിഗണിച്ച് ഒരു നാടകത്തിന്റെ സ്ക്രിപിറ്റ് തയ്യാറാക്കി അഭിനയിക്കുകയോ, സെമിനാർ അവതരിപ്പിക്കുകയോ അതുപോലുള്ള മറ്റേതെങ്കിലും സങ്കേതങ്ങൾ വഴി പ്രകടിപ്പിക്കാനുള്ള നൽകാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ക്ലാസിൽ നടക്കുന്ന മയക്കുമരുന്ന്/ലഹരി ഇവയ്ക്കെതിരായ പൊതുധാരണ വികസിപ്പിക്കാൻ കഴിയും.

**റോഡിലൂടെ സഞ്ചാരം, റെയിൽ മുറിച്ചു കടക്കുമ്പോൾ, ജലപാത ഉപയോഗം, സ്കൂൾ വാഹന ഉപയോഗം എന്നിവയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

വിവിധ ഗതാഗതസംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ പ്രൈമറി തലം മുതൽ അനുവർത്തിക്കേണ്ട നിയമങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണ തന്നെ കുട്ടികൾ നേടേണ്ടതുണ്ട്. അപകടങ്ങൾ വർധിച്ചു വരുന്ന ഇക്കാലത്ത് അപകടങ്ങളും അപകടമരണങ്ങളും കുറച്ചുകൊണ്ടുവരാൻ കുട്ടികൾക്ക് സ്കൂൾ തലത്തിൽ ലഭിക്കുന്ന അവബോധം വളരെയധികം പ്രയോജനം ചെയ്യും. ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നത് റോഡിലൂടെ നടന്നുവരുമ്പോഴും, റോഡ് മുറിച്ചു കടക്കുമ്പോഴും, സ്കൂൾ വാഹനങ്ങളിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും യാത്ര ചെയ്യുമ്പോഴുമാണ്. ഇത്തരം അപകടങ്ങൾ ഒഴിവാക്കേണ്ടതിനായി ഇവയു മായി ബന്ധിപ്പിച്ച് കുട്ടികൾ പാലിക്കേണ്ട കാര്യങ്ങൾ/ആർജ്ജിക്കേണ്ട ശേഷികൾ, അവർക്കുണ്ടാകേണ്ട തിരിച്ചറിവുകൾ വിവിധ ക്ലാസ്റൂം പ്രവർത്തനങ്ങളിലൂടെ നൽകാവുന്നതാണ്.

**വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിതക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്കരണം.**

വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയ്ക്ക് നൽകേണ്ട പ്രാധാന്യത്തിന് ഊന്നൽ നൽകുകയും സ്ഥായിയായി അത് നിലനിൽക്കുന്നതിനുള്ള മനോഭാവം സ്കൂൾ കാലഘട്ടത്തിൽ തന്നെ രൂപപ്പെടുത്തണം. ജീവിതരീതി, ജീവിതശൈലി, മനോഭാവം എന്നിവയിൽ ശാസ്ത്രീയമായ സമീപനം കൈക്കൊള്ളുന്ന തലമുറയെ വളർത്തിയെടുക്കണം. അതിനായി വിദ്യാലയം ശുചിത്വപൂർണവും ഹരിതാഭവു

മാക്കുവാൻ കുട്ടികളിൽ ശുചിത്വബോധവും ഹരിതബോധവും വളർത്തിയെടുക്കേണ്ട തുണ്ട്.

**മാനസികാരോഗ്യം കാത്തു സൂക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ**

- ആത്മാർത്ഥ സുഹൃത്ത് ബന്ധങ്ങൾ
- വീട്ടിൽ അച്ഛനമ്മമാരോടുള്ള പങ്കുവെയ്ക്കൽ
- പ്രയാസങ്ങൾ അടുപ്പമുള്ള ടീച്ചറോടോ സ്കൂൾ കൗൺസെലറോടോ, ആരോഗ്യവകുപ്പിന്റെ കൗമാര കൗൺസെലറോടോ ചർച്ച ചെയ്യുക.
- ദിശ (DISHA (1056/104) TELE MANAS (14416) മുതലായ ഹെൽപ്പ് ലൈനുകളിലേക്ക് വിളിച്ച് സ്വകാര്യതയോടെ മനസ്സ് തുറന്നു സംസാരിക്കാം.
- ശരി അല്ലാത്ത സമ്മർദ്ദങ്ങൾക്കും പ്രലോഭനങ്ങൾക്കും ചീ എന്ന് സധൈര്യം സുദൃഢമായി പ്രസന്നമായി ആധികാരികമായി പറയുക.
- 10 മുതൽ 19 വയസ്സുവരെയുള്ള കൗമാരക്കാർക്ക് ആരോഗ്യവകുപ്പ് വിവിധ ആശുപത്രികളിൽ നടത്തുന്ന കൗമാര സൗഹൃദ ആരോഗ്യ കേന്ദ്രങ്ങൾ സന്ദർശിച്ച്/ഫോൺ വിളിച്ച് കൗൺസിലർമാരോട് സംസാരിച്ച് ഏത് വിഷയത്തെക്കുറിച്ചും നല്ല ആരോഗ്യപരവും വൈബുമുള്ള ഐഡിയകൾ നേടാം.

കുട്ടികൾ പലതരം ഡിജിറ്റൽ ഉപകരണങ്ങളും സാമൂഹികമാധ്യമങ്ങളും ഉപയോഗി ക്കുന്നുണ്ട്. അവ വിവേകത്തോടെയും വിവേചനബുദ്ധിയോടെയും എങ്ങനെ ഉപയോ ഗിക്കണമെന്നുള്ള കൃത്യമായ ധാരണ കുട്ടികൾക്ക് ഉണ്ടാകേണ്ടതുണ്ട്. അല്ലാത്ത പക്ഷം അവർ പലവിധത്തിലുള്ള ചതിക്കുഴികളിലും സൈബർ കുറ്റകൃത്യങ്ങളിലും അകപ്പെടുന്ന സാഹചര്യം ഉണ്ടാകാം. അത്തരം സാഹചര്യങ്ങൾ ഉണ്ടാകാതിരി ക്കാനും കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യം സംരക്ഷിക്കുന്നതിനുമായി ഡിജിറ്റൽ അച്ചടക്കത്തെ സംബന്ധിച്ച അറിവ് കുട്ടികളിൽ വികസിപ്പിക്കേണ്ടതുണ്ട്. അപ്പർ പ്രൈമറിതലത്തിലും ഹൈസ്കൂൾതലത്തിലും സംവാദങ്ങൾ, കുറിപ്പ് തയ്യാറാക്കൽ, വ്യക്തിഗത അനുഭവങ്ങൾ പങ്കുവെയ്ക്കൽ എന്നീ മാർഗങ്ങൾ ഇതിലേക്കായി അവലംബിക്കാവുന്നതാണ്. ഡിജിറ്റൽ അച്ചടക്കം സംബന്ധിക്കുന്ന ധാരണ കുട്ടികളിൽ വികസിപ്പിക്കുന്നതിനായി താഴെപ്പറയുന്ന സൂചകങ്ങൾ ചർച്ച ചെയ്യാവുന്നതാണ്.

**പൊതുമുതൽ സംരക്ഷണം**

പൊതുമുതൽ സംരക്ഷണവും അതിന്റെ ആവശ്യകതയും അനിവാര്യതയും എന്താണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഇതിനായി എൽ.പി, യു.പി, എച്ച്.എസ് തലങ്ങളിൽ ചുവടെചേർത്തിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ അതത് ക്ലാസുകൾക്ക് അനുയോജ്യമായ രീതിയിൽ സംവാദം, ചർച്ച, ഘശശേഴ, ചിത്രരചന, ഭാഷാപരമായ ചിത്രരചന, പ്രവർത്തനങ്ങൾ (ഉദാ: കുറിപ്പ് തയ്യാറാക്കൽ, ഉപന്യാസം തയ്യാറാക്കൽ, കഥാരചന....) എന്നിവ നടത്താവുന്നതാണ്.

**പരസ്പരസഹകരണത്തിന്റെ പ്രാധാന്യം**

പരസ്പരസഹകരണത്തിന്റെ പ്രാധാന്യം തിരിച്ചറിയാൻ ജീവിത സന്ദർഭങ്ങൾ, കഥ, സിനിമ എന്നിവ ഉപയോഗപ്പെടുത്തി ചർച്ച, സംവാദം എന്നിവ സംഘടിപ്പിക്കാം.

**വൈകാരിക നിയന്ത്രണം (വൈകാരിക സുസ്ഥിതി)**

പലവിധ വികാരങ്ങളുടെ കുത്തൊഴുക്ക് അനുഭവപ്പെടുന്ന കാലമാണ് കൗമാരം. അതിനെ നിയന്ത്രിക്കാനുള്ള ശേഷി/മുതിരുന്നതിനനുസരിച്ചേ കൈവരിക്കാനാകൂ. വികാരങ്ങൾക്ക് അടിപ്പെട്ടു പോകാതെ സന്ദർഭാനുസരണം പെരുമാറാനുള്ള പരിശീലനം കൗമാരഘട്ടത്തിലുള്ള കുട്ടികൾക്കു ലഭിക്കേണ്ടതുണ്ട്. വൈകാരിക സുസ്ഥിതി കൈവരിക്കുന്നതിനുള്ള ആദ്യപടി വികാരങ്ങളെ അറിയുക എന്നതാണ്. ഒരു വികാരവും മോശമല്ല എന്നും നമ്മുടെ പ്രതികരണങ്ങളാണ് നിർണായകമെന്നും കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്. വൈകാരിക സുസ്ഥിതി കൈവരിക്കുന്നതിന് ഒരാൾ സ്വയം അറിയേണ്ടതുണ്ട്. ഇതിനു കുട്ടികൾക്ക് പരസ്പരം സഹായിക്കാനും കഴിയും.

**പൊതുക്രോഢീകരണം**

03/06/2025 മുതൽ 13/06/2025 വരെ വിവിധ തീമുകളെ ആസ്പദമാക്കി നടന്ന പ്രവർത്തനങ്ങൾ വഴി കുട്ടികളിലുണ്ടായ ധാരണകളുടെ പൊതുക്രോഢീകരണമാണ് നടക്കേണ്ടത്. സുരക്ഷ സംബന്ധിച്ച് പൊതുഅവബോധവും ഉണ്ടാകണം. ഈ ക്രോഢീകരണത്തിലൂടെ വികസിച്ച ധാരണകളുടെ അടിത്തറയിലാകും തുടർന്ന് പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി നടക്കുന്ന പഠന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യേണ്ടത്.

ഓരോ ദിവസത്തേയും തീം താഴെപ്പറയുന്ന പ്രകാരമാണ്:

03/06/2025:

UP: മയക്കുമരുന്ന് / ലഹരി ഉപയോഗത്തിനെതിരെ,

HS: മയക്കുമരുന്ന് / ലഹരി ഉപയോഗത്തിനെതിരെ.

04/06/2025:

UP: ട്രാഫിക് നിയമങ്ങൾ/ റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ,

HS: ട്രാഫിക് നിയമങ്ങൾ/ റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾവാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ.

05/06/2025:

UP: വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ്സ്, സ്കൂൾ സൗന്ദര്യ വത്ക്കരണം,

HS: വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിതക്യാമ്പസ്സ്, സ്കൂൾ സൗന്ദര്യ വത്ക്കരണം.

09/06/2025:

UP: ആരോഗ്യം, വ്യായാമം, കായിക ക്ഷമത,

HS: ആരോഗ്യം, വ്യായാമം, കായിക ക്ഷമത.

10/06/2025:

UP: ഡിജിറ്റൽ അച്ചടക്കം,

HS: ഡിജിറ്റൽ അച്ചടക്കം.

11/06/2025:

UP: പൊതുമുതൽ സംരക്ഷണം,

HS:  പൊതുമുതൽ സംരക്ഷണം

12/06/2025:

UP:  പരസ്പരസഹകരണ ത്തിന്റെ പ്രാധാന്യം,

HS: റാഗിങ്, വൈകാരിക നിയന്ത്രണമില്ലായ്മ, പരസ്പര സഹകരണത്തിന്റെ പ്രാധാന്യം.

13/06/2025:

UP: പൊതു ക്രോഡീകരണം,

HS: പൊതു ക്രോഡീകരണം.

## അദ്ധ്യായം 4

## നിലവിലെ അവസ്ഥാ വിശകലനം

ഈ വിദ്യാലയത്തിൽ എത്തുന്ന കുട്ടികൾ ബഹുഭൂരിപക്ഷവും സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കാവസ്ഥയിലാണ്. അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാനും ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുവാനും ഞങ്ങളുടെ സ്കൂൾ സജ്ജമാണ്.

17 ക്ലാസ് മുറികളിൽ ടൈൽ പാകിയിട്ടുണ്ട്. ഹെഡ്മിസ്ട്രസ്സിന്റെ മുറി, ഓഫീസ് മുറി, രണ്ട് സ്റ്റാഫ് റൂമുകൾ, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, സയൻസ് ലാബ് എന്നിവയും ടൈൽ പാകി വൃത്തിയാക്കിയിട്ടുള്ളവയാണ്. യു.പി, എച്ച്.എസ് വിഭാഗത്തിലെ എല്ലാ ക്ലാസുകളും മറ്റെല്ലാ മുറികളും വൈദ്യുതീകരിച്ചിട്ടുണ്ട്. നിലവിൽ രണ്ട് കമ്പ്യൂട്ടർ ലാബുകൾ ഉണ്ട് (HS, UP)

**SSLC 2024-25**

| | |
|---|---|
| പരീക്ഷ എഴുതിയ കുട്ടികൾ | 186 |
| എല്ലാ വിഷയങ്ങൾക്കും എ+ | 12 |
| 9എ+ നേടിയവർ | 11 |

## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | : ആലപ്പുഴ |
| സ്കൂൾ കോഡ് | : 36021 |
| സ്കൂളിന്റെ പേര് | : എൻ.എസ്.ബി.എച്ച്.എസ്/എസ്, മാന്നാർ |
| മേൽവിലാസം | : എൻ.എസ്.ബി.എച്ച്.എസ്/എസ്, മാന്നാർ പി.ഒ – 689622, ആലപ്പുഴ ജില്ല |
| പിൻകോഡ് | : 689622 |
| ഫോൺ നമ്പർ | : 0479 2312441 |
| E-mail വിലാസം | : mannarnshss@gmail.com |
| ഗ്രാമപഞ്ചായത്ത് | : മാന്നാർ ഗ്രാമപഞ്ചായത്ത് |
| വാർഡ് | : 17 |
| വിദ്യാഭ്യാസ ജില്ല | : മാവേലിക്കര |
| സബ്ജില്ല | : ചെങ്ങന്നൂർ |
| ക്ലാസുകൾ | : 5 മുതൽ 10 വരെ |
| മാനേജ്മെന്റ് | : ഗവണ്മെന്റ് – എയ്ഡഡ് |
| പഠനമാധ്യമം | : മലയാളം, ഇംഗ്ലീഷ് |

## സ്റ്റാഫ് വിവരങ്ങൾ

1. സുജ എ.ആർ
2. ബിന്ദു.വി
3. രാജ് കുമാർ .വി
4. സിബി.വി നാഥ്
5. പ്രിയാകുമാരി.റ്റി.വി
6. നിഷ.എൻ.പിള്ള
7. പ്രശാന്ത് .പി.റ്റി
8. കല. എസ്സ്
9. മഞ്ജു മേരി
10. ശ്രീവിദ്യ .എസ്സ്
11. ആദർശ്.വി നാഥ്
12. സ്നേഹപ്രകാശ്
13. പ്രതിഭാ നാരായണൻ
14. മാധവൻ നമ്പൂതിരി
15. വിനീത ബാലകൃഷ്ണൻ
16. ഹരിശർമ്മ.കെ
17. രശ്മി .വി.ആർ
18. ജ്യോതി .പി .വി
19. ജയന്തി .ഡി
20. അർച്ചനാ വിശ്വനാഥ്
21. ആദർശ്. എം.കെ
22. വിജയകുമാർ .എസ്സ്
23. ശ്യാമള.വി
24. പ്രീതി നായർ .ആർ
25. കൃഷ്ണപ്രിയ .ആർ
26. അനൂപ്. ആർ
27. രാജശ്രീ.ആർ
28. ദിവ്യാ രാമചന്ദ്രൻ
29. സീജ .എസ് .പിള്ള
30. ഷൈൻ കുമാർ എസ്സ്
31. ഗോപിക എം.പിള്ള
32. സുമേഷ് കുമാർ .കെ
33. അജിത്ത് കുമാർ എം.സി
34. പ്രമോദ് കുമാർ .ബി
35. ഗോവിന്ദൻ
36. കല

## വിദ്യാലയ പ്രവർത്തനങ്ങൾ

2023-24 അദ്ധ്യയനവർഷത്തിലെ ആദ്യ SRG യോഗം 01/06/2023 വ്യാഴാഴ്ച കൂടുകയുണ്ടായി. മുൻവർഷത്തെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. പുതിയ അക്കാദമിക വർഷത്തിലേക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. വിദ്യാലയം മികവിലേക്ക് മുന്നേറാൻ ഉതകുന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കായി പ്രത്യേക സമിതികൾ രൂപീകരിച്ചു. അദ്ധ്യാപകർക്ക് ചുമതലകൾ നൽകി. അക്കാദമിക മാസ്റ്റർ പ്ലാൻ കരട് ചർച്ച ചെയ്തു. നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തി അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിക്കാൻ തീരുമാനിച്ചു.

### വിദ്യാലയ പ്രവർത്തനങ്ങൾ 2023-24

### ചുമതലകൾ

| | |
|---|---|
| HM | : Smt Suja.A.R |
| Senior Assistant | : V.Bindu |
| Secretary | : Madhavan Nampoothiri |
| Common Association secterary | : S.Vijayakumar |
| SRG Convenor | : Sreevidya.S |
| SITC | : Prathibha Narayanan |
| Joint SITC | : Kala.S |
| UP SITC | : Anoop.R |
| Noon meal convenor and committee members | : Divya Ramachandran, Sibi V Nath |
| Discipline committee | : Prasanth.P.T, Anoop.R, P.Rajkumar, Harisharma, Adarsh M K, V.Bindu |
| Health Committee | : Jyothi P V, Shine Kumar, |
| Councelling | : Archana Viswanath, Manju Mary |
| CWSN charge | : Preethi Nair, Resmi.V.R |
| Little Kites | : Madhavan Nampoothiri, Umarani |
| Junior Red Cross | : Sneha Prakash |
| School Bus charge | : Adarsh M K, Sneha Prakash |
| Library | : Madhavan Nampoothiri, Gopika, Vineetha Balakrishna |
| Exam board | : V.Bindu, Prasanth.P.T. Anoop.R |

| | |
|---|---|
| വിദ്യാരാഗം കലാസാഹിത്യവേദി | : വിനീത ബാലകൃഷ്ണ, ഹരിശർമ്മ |
| കലോത്സവ ചുമതല | |
| എച്ച്.എസ് വിഭാഗം | : മാധവൻ നമ്പൂതിരി, ഷൈൻ കുമാർ |
| യു.പി വിഭാഗം | : ഗോപിക, സീജ |
| അറബിക് | : ഷാജഹാൻ |
| സംസ്കൃതം | : ഷൈൻ കുമാർ |
| അക്ഷര കളരി | : ഗോപിക, സീജ, സ്നേഹ, രശ്മി |
| വിനോദയാത്ര | : മാധവൻ നമ്പൂതിരി, വിജയകുമാർ, അനൂപ്.ആർ |
| ശാസ്ത്ര ലാബ് | : കല.എസ് |
| ദിനാചരണ ചുമതല | : വിനീത ബാലകൃഷ്ണ |
| സ്കൂൾ സുരക്ഷാ സമിതി | : അനൂപ്.ആർ. അജിത് കുമാർ |
| സ്കോളർഷിപ്പ് | : കല.എസ്, പ്രതിഭാ നാരായണൻ |
| എൻ.സി.സി | : അനൂപ്.ആർ |
| കലാപഠനം | : എസ്.വിജയകുമാർ |
| കമ്പ്യൂട്ടർ ലാബ് ചുമതല | : പ്രതിഭ നാരായണൻ, കല, അനൂപ് |
| മലയാളം ക്ലബ് | : വിനീത ബാലകൃഷ്ണ |
| ഇംഗ്ലീഷ് ക്ലബ് | : മാധവൻ നമ്പൂതിരി |
| ഹിന്ദി ക്ലബ് | : ജയന്തി.വി |
| സയൻസ് ക്ലബ് | : കല.എസ് |
| ഇക്കോ ക്ലബ് | : ശ്രീവിദ്യ.എസ്, കൃഷ്ണപ്രിയ |
| ഗണിത ക്ലബ് | : പ്രശാന്ത്.പി.ടി |
| സാമൂഹ്യശാസ്ത്ര ക്ലബ് | : ഉമാറാണി |
| ഭാഷാ ക്ലബ് | : മാധവൻ നമ്പൂതിരി |
| ഐ.ടി.ക്ലബ് | : പ്രതിഭ നാരായണൻ, അനൂപ്.ആർ |

## അക്കാദമികം

**നേട്ടങ്ങൾ**

ആലപ്പുഴ ജില്ലാ മാവേലിക്കര വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും മികച്ച സ്കൂളുകളിൽ ഒന്നായിമാറാൻ മാന്നാർ നായർ സമാജം ബോയ്സ് ഹൈസ്കൂളിന് സാധിച്ചു. 2024-25 അക്കാദമിക വർഷം 186 കുട്ടികൾ എൽ.എസ്.എൽ.സി പരീക്ഷ എഴുതിയതിൽ 12 കുട്ടികൾ എല്ലാവിഷയങ്ങൾക്കും എ+ നേടി, 9 കുട്ടികൾക്ക് 9 വിഷയങ്ങൾക്ക് എ+ ലഭിച്ചു.

ഹൈസ്കൂൾ വിഭാഗത്തിൽ 16 ക്ലാസ് മുറികളിൽ ഹൈടെക് സൗകര്യം ലഭ്യമായിട്ടു ള്ളതിനാൽ അധ്യയനം മെച്ചപ്പെട്ട രീതിയിൽ നടത്തുവാൻ സാധിക്കുന്നു. യു.പി വിഭാഗത്തിലെ ക്ലാസ്മുറികളും ടൈലുകൾ പാകി പുതുക്കിയിട്ടുണ്ട്. എല്ലാ ക്ലാസ്മുറി കളിലും വൈദ്യുതി സൗകര്യം ലഭ്യമാക്കിയിരിക്കുന്നു. എല്ലാ കുട്ടികൾക്കും ഉപയോ ഗിക്കാൻ ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. പുസ്തകങ്ങൾ വായിക്കു വാൻ പ്രത്യേക ഇരിപ്പിടവും പ്രത്യേക വായനാമുറിയും ഒരുക്കിയിരിക്കുന്നതിനാൽ ഒഴിവുവേളകളിലും കുട്ടികൾക്ക് പ്രയോജനപ്പെടുന്നു. ഉന്നത നിലവാരമുള്ള ശാസ്ത്ര ലാബ് പരീക്ഷണങ്ങൾ നടത്തുന്നതിനും ശാസ്ത്രാഭിരുചി വളർത്തുന്നതിനും കുട്ടി കളെ സഹായിക്കുന്നു.

നവീകരിച്ച സുകര്യങ്ങളോടുകൂടിയ കമ്പ്യുട്ടർ ലാബിൽ കമ്പ്യൂട്ടർ പ്രാക്ടിക്കൽ പരിശീലനം നടത്തുനതിനുപുറമെ ലിറ്റിൽ കൈറ്റ്സ് ക്ലബ്, ഐടി ക്ലബ്, ഇത്ര പ്രവർത്തനങ്ങൾ എന്നിവയ്ക്ക് കുട്ടികൾക്ക് സൗകര്യം ലഭിക്കുന്നു. വിദ്യാർത്ഥികളെ ഐ.ടി വിഷയം കൈകാര്യം ചെയ്യുന്നതിൽ സമർത്ഥരാക്കി മാറ്റാൻ സാധിച്ചിട്ടുണ്ട്. യു.പി വിഭാഗം ലാബിൽ 9 കമ്പ്യൂട്ടറുകൾ സജ്ജീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

ഭാഷാക്ലബ്, ലാംഗ്വേജ് ക്ലബ്, ലൈബ്രറി കൗൺസിൽ എന്നിവയുടെ പ്രവർത്തനങ്ങൾ ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനും, അക്കാദമിക പ്രവർത്തനങ്ങൾ മികവുറ്റതാക്കി മാറ്റുന്നതിനും സഹായിക്കുന്നതിനാൽ കുട്ടികൾക്ക് ഉയർന്ന നിലവാരം കൈവരി ക്കാൻ സഹായകമാവുന്നു. പാഠഭാഗങ്ങൾ ചലച്ചിത്രം, നാടകം, കവിത, എന്നീ രൂപങ്ങളിലൂടെ പഠിതാക്കളെ ഉൾപെടുത്തി നടത്തുന്നതിനാൽ ആശയ വിനിമയവും ആസ്വാദനവും സാധ്യമാകുന്നു. ഭാഷാവിഷയങ്ങളിലും ഗണിതത്തിലും പരിഹാര ബോധന പഠനം അധികസമയം കണ്ടെത്തി നടത്തിവരുന്നു.

ശാസ്ത്രവിഷയങ്ങൾ പരീക്ഷണ-നിരീക്ഷണങ്ങളിലൂടെ വിനിമയം ചെയ്യുന്നതിനാൽ കുട്ടികൾക്ക് പഠനപ്രവർത്തനങ്ങളിൽ താത്പര്യം വർദ്ധിക്കുന്നു. പ്രകൃതിപഠനയാത്ര കളും ക്യാമ്പുകളും പ്രകൃതിസംരക്ഷണം തന്റെ ധർമ്മമാണെന്ന ആശയം കുട്ടിക ളിൽ ഉടലെടുക്കാൻ സഹായിച്ചു.

സോഷ്യൽ സയൻസ് ക്ലബ് നടത്തിയ ചരിത്രവഴികൾ, ചരിത്ര സ്മാരകങ്ങൾ കണ്ടെത്തൽ, അഭിമുഖം എന്നീ പ്രവർത്തനങ്ങൾ ചരിത്രപഠനം ആസ്വാദ്യകരമാക്കി. മാപുകൾ, ഗ്ലോബുകൾ എന്നിവ ഉപയോഗിച്ച് പ്രവർത്തനങ്ങൾ ചെയ്യുവാൻ കുട്ടികൾ ശേഷി ആർജ്ജിച്ചു.

ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്ന 'ഗണിതം-മധുരം' പദ്ധതി കുട്ടികളിലെ ഗണിത ശേഷി വർദ്ധിപ്പിക്കുവാൻ വളരെ സഹായിച്ചു. 'ഗണിതവീഥി'യിൽ

ഒരുക്കിയിരിക്കുന്ന സൂത്രവാക്യങ്ങളും ജ്യാമതീയ രൂപങ്ങളും ഒഴുവേളകളിലും പഠനം സാധ്യമാക്കാൻ സഹായിക്കുനു.

വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങളും ദിനാചരണ ങ്ങളും കുട്ടികളിൽ ആഴത്തിലുള്ള അവബോധം ഉണ്ടാക്കുവാനും അക്കാദമിക പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹായകമാകുന്നു. ചഇഇ, ഖഞഇ ലിറ്റിൽ കൈറ്റ്സ് എന്നിവ മികച്ച പ്രവർത്തനങ്ങൾ നടത്തുന്നു. അടുത്ത വർഷം പുതിയ ബാച്ചുകൾ തുടങ്ങുന്നതാണ്.

ശാസ്ത്ര നൈപുണി വികസിപ്പിക്കുന്നതിനായി സ്കൂൾ തല സയൻസ് എക്സ്പോ സംഘടിപ്പിച്ചു.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ശാസ്ത്ര സാങ്കേതിക വികസന പഠനം മുൻനിർത്തി സ്കൂളിൽ റോബോട്ടിക്സ് ക്യാമ്പ് സംഘടിപ്പിച്ചു.

ഷൂട്ടിംഗിൽ ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടം സ്കൂൾ ചഇഇ കേഡറ്റ് കരസ്ഥമാക്കി.

ഭാഷാ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് മലയാളം ഹിന്ദി വിഭാഗങ്ങളിൽ ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുകയും നിരൂപണം നടത്തുകയും ചെയ്തു

പരിസ്ഥിതി സംരക്ഷണ ബോധം വളർത്തുന്നതിന് സഹായിച്ച പ്രവർത്തനമാണ് സംസ്ഥാന ഔഷധ സസ്യ ബോർഡ് സഹായത്തോടെ സ്കൂളിൽ പ്രാവർത്തികമായ മികച്ച ഔഷധസസ്യത്തോട്ടം

കാടിനെ അടുത്തറിയുവാൻ വനം വന്യജീവി വകുപ്പിന്റെ പ്രകൃതി പഠന ക്യാമ്പിലൂടെ ഇക്കോ ക്ലബ്ബ് അംഗങ്ങൾക്ക് അവസരം ലഭിച്ചു.

സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കലാപരിപാടികളിൽ പങ്കെടുക്കുവാൻ സ്കൂൾ ആനിവേഴ്സറി ദിനത്തിൽ അവസരം ലഭിച്ചു.

രക്ഷാകർതൃ സമിതിയുമായുള്ള നിരന്തര യോഗങ്ങൾ ആശയവിനിമയം എന്നിവ വിവിധ പ്രവർത്തനങ്ങളുടെ പുരോഗതിക്ക് സഹായകമായി

ഐ.ടി മേള, ഗണിതമേള, ശാസ്ത്രമേള, സാമൂഹ്യശാസ്ത്രമേള, പ്രവൃത്തിപരിചയ മേള എന്നിവയിലെല്ലാം വിദ്യാർത്ഥികൾ പുരസ്കാരത്തിന് അർഹരായി

സ്കൂളിൽ പ്രവർത്തിച്ചുവരുന്ന കലാപഠനകേന്ദ്രമായ 'കലാമണ്ഡപം കുട്ടികളിലെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കാൻ സഹായകമായി പ്രവർത്തിക്കുന്നു. സ്കൂൾ സമയത്തെ പലാപഠനവും സജീവമായി നടക്കുന്നു. ചെങ്ങന്നൂർ സബ്ജില്ലാ സ്കൂൾ കലോത്സവത്തിൽ നായർ സമാജം ബോയ്സ് ഹൈസ്കൂൾ ഒന്നാം സ്ഥാനത്തെത്തി. സംസ്കൃത കലോത്സവം, അറബി കലോത്സവം എന്നിവയിലും ഒന്നാമതെത്തി. ജില്ലാ കലോത്സവത്തിൽ മിക്കയിനങ്ങളിലും മികവ് തെളിയിച്ചു. സംസ്ഥാന കലോത്സവ ത്തിൽ പൂരക്കളി, വഞ്ചിപ്പാട്ട് എന്നിവയ്ക്ക് എ ഗ്രേഡ് നേടി.

കായിക വിദ്യാഭ്യാസത്തിന് മികച്ച പ്രാധാന്യം കൊടുക്കുന്ന ഈ വിദ്യാലയത്തിൽ കഴിഞ്ഞ അക്കാദമിക വർഷത്തിൽ ചെങ്ങന്നൂർ സബ്ജില്ലാ കായികമേളയിൽ

ഒന്നാമതെത്തി. ഫുട്ബോൾ, ത്രോബോൾ, ഹാൻഡ്ബോൾ എന്നിവയിൽ കുട്ടികൾ സംസ്ഥാനതലത്തിൽ പങ്കെടുത്തു. അവധിക്കാല ഫുട്ബോൾ പരിശീലനം എല്ലാവർഷവും നടത്തിവരുന്നു.

അക്കാദമിക പ്രവർത്തനങ്ങൾ മികച്ചരീതിയിൽ സംഘടിപ്പിച്ച് എല്ലാ മേളകളിലും വിദ്യാർത്ഥികളെ ഉൾപ്പെടുത്തി അവരിലെ ശേഷികളെ മികവുറ്റതാക്കിമാറ്റാൻ ഈ വിദ്യാലയം സദാ ശ്രദ്ധചെലുത്തുന്നു. വിദ്യാലയത്തെ 'മികവിന്റെ കേന്ദ്രമാക്കി മാറ്റുക' എന്ന ആശയം മുൻനിർത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ടു പോകുവാൻ അദ്ധ്യാപകർ, അനദ്ധ്യാപകർ, പി.ടി.എ കൂട്ടായ്മ എനിവ അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരിക്കു**ന്നു.**

**പരിമിതികൾ**

- ഐ.ടി ലാബ് ഉപയോഗം ഓരോ ക്ലാസിനും കൂടുതൽ സമയം ലഭിക്കേണ്ടതുണ്ട്.
- എല്ലാ ക്ലബ്ബ് പ്രവർത്തനങ്ങളിലും എല്ലാ കുട്ടികൾക്കും പങ്കെടുക്കുവാൻ സമയപരിമിതിമൂലം സാധിക്കുന്നില്ല.
- യു.പി വിഭാഗത്തിന് പ്രത്യേക ശാസ്ത്ര ലാബുകൾ സജ്ജീകരിക്കേണ്ടതുണ്ട്. ദിനാചരണങ്ങളുടെ സമയം ചുരുക്കേണ്ടിവരുന്നു. അദ്ധ്യയനത്തെ ബാധിക്കാതിരിക്കാൻ അദ്ധ്യയനസമയം ഒഴിവാക്കി നടത്തേണ്ടിവരുന്നു.
- യു.പി വിഭാഗത്തിൽ ഹൈടെക് സംവിധാനം ഒരുക്കേണ്ടതുണ്ട്.
- കൂടുതൽ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. അധികസമയം വായനയ്ക്ക് ലഭ്യമാകേണ്ടതുണ്ട്.

## ഭൗതികം

### നേട്ടങ്ങൾ

നിലവിൽ 16 ഹൈടെക് ക്ലാസ്മുറികൾ പ്രവർത്തിച്ചുവരുന്നു. ലാപ്ടോപ്, പ്രൊജക്ടർ എന്നിവ അവയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒരു ക്ലാസ്മുറിയിൽ സ്കൂൾ മാനേജ്മെന്റ് ഹൈടെക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കുട്ടികൾക്ക് പ്രത്യേക ലൈബ്രറി സജ്ജീകരിച്ചിട്ടുണ്ട്. ധാരാളം പുസ്തകങ്ങളും ഒരുക്കിയിട്ടുണ്ട്. ലൈബ്രറിക്ക് സമീപം ഒരു വായനാമുറി സജ്ജീകരിച്ചിട്ടുണ്ട്.

സയൻസ് ലാബ് നവീകരിച്ച് ഉയർന്ന നിലവാരത്തിലാക്കിയിട്ടുണ്ട്. നല്ലരീതിയിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർലാബ് സ്കൂളിന്റെ പ്രധാന നേട്ടങ്ങളിലൊന്നാണ്. ക്ലാസ് മുറികളിലേക്കായി 16 ലാപ്ടോപ്പുകളും പ്രൊജക്റ്ററുകളും, ലാബിലേക്കായി 8 ലാപ്ടോപ്പുകളും, വിദ്യാകിരണം പദ്ധതിപ്രകാരം 3 ലാപ്ടോപ്പുകളും യു.പി വിഭാഗം ലാബിലേക്ക് 9 ലാപ്ടോപ്പുകളും സജ്ജീകരിച്ചിട്ടുണ്ട്. ഹൈടെക് ക്ലാസ്മുറികളിലും കമ്പ്യൂട്ടർ ലാബിലും ഓഫീസിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

എല്ലാ ക്ലാസ്മുറികളിലും ആവശ്യമായത്ര നല്ല ഫർണ്ണീച്ചറുകളും അവശ്യവസ്തു ക്കളും ഒരുക്കിയിട്ടുണ്ട്.

വൃത്തിയും സൗകര്യവുമുള്ള മികച്ച ശൗചാലയങ്ങൾ സ്കൂളിൽ സജ്ജീകരിച്ചിട്ടുണ്ട്.

കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കിണറും,കുഴൽകിണറും ഉള്ളതിനാൽ ജലദൗർലഭ്യം ഉണ്ടാവാറില്ല. വാട്ടർ പ്യൂരിഫയർ നിലവിലുണ്ട്.

സ്കൂൾ കോമ്പൗണ്ടിനുള്ളിലെ ഗ്രൗണ്ട് കൂടാതെ സ്കൂളിന്റെ കിഴക്കുവശത്തായി വിശാലമായ പ്ലേഗ്രൗണ്ട് ഉള്ളത് അഭിമാനാർഹമായ കാര്യമാണ്. സ്പോർട്ട്സ് മേള കൾ സംഘടിപ്പിക്കാൻ ഇത് സഹായകമാണ്.

സ്കൂളിൽ എല്ലാ ക്ലാസ്മുറികളിലും സ്പീക്കർ ഘടിപ്പിച്ചിട്ടുണ്ട്. പലഭാഗങ്ങളിലും നിരീക്ഷണ ക്യാമറകളും സൗകര്യപ്പെടുത്തിയിട്ടുണ്ട്.

### പരിമിതികൾ

പ്രത്യേക മുറികളായി തിരിച്ചിട്ടുള്ള രണ്ട് ക്ലാസ്മുറികൾ ഹൈടെക് ആക്കി മാറ്റേണ്ടതുണ്ട്. യു.പി വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിലെ ക്ലാസ്സുകളിൽ പ്രത്യേകം ക്ലാസ്മുറികൾ ആക്കേണ്ട പ്രവർത്തനം നടത്തുവാനുണ്ട്. എല്ലാ ക്ലാസ്മുറി കളിലെയും വിദ്യാർത്ഥികൾക്ക് ഹൈടെക് വിദ്യാഭ്യാസം ലഭ്യമാക്കാൻ സാധിക്കാ ത്തത് പരിമിതിയായി കണക്കാക്കുന്നു.

സ്കൂൾ ലൈബ്രറിയിൽ എല്ലാവിഭാഗത്തിലെയും പുസ്തകങ്ങൾ സമാഹരിക്കേണ്ട തുണ്ട്. വായനാമുറിയുടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുകയും കൂടുതൽ ഇരിപ്പിടങ്ങൾ ഒരുക്കേണ്ടതുമുണ്ട്.

ശാസ്ത്രലാബിൽ ഒരു പ്രൊജക്ടർ സൗകര്യം ഇല്ലാത്തത് പരിമിതിയായി കണക്കാക്കുന്നു. കൂടുതൽ സ്പെസിമെനുകളും, മോഡലുകളും ഉപകരണങ്ങളും രാസ വസ്തുക്കളും കരുതേണ്ടതുണ്ട്.

കമ്പ്യൂട്ടർ ലാബിൽ ഹൈടെക് സൗകര്യം നിലവിൽ പുരോഗമിക്കേണ്ടതുണ്ട്. പ്രൊജക്ടർ സൗകര്യത്തിന്റെ അഭാവം പ്രധാന പരിമിതിയാണ്. കൂടുതൽ കമ്പ്യൂട്ടറുകളും, ഒരു ക്ലാസിലെ എല്ലാ കുട്ടികളെയും ഒരേസമയം ഉൾക്കൊള്ളിച്ച് പ്രാക്ടിക്കൽ ചെയ്യുവാനുള്ള ഇരിപിടങ്ങളും സജ്ജീകരിക്കേണ്ടതുണ്ട്. യു.പിവിഭാഗം ലാബിലും കൂടുതൽ ഇരിപ്പിടങ്ങൾ സജ്ജീകരിക്കേണ്ടതുണ്ട്.

പൊതുപരിപാടികൾ സംഘടിപ്പിക്കുവാനായി ഒരു വലിയ ഓഡിറ്റോറിയം അത്യാവശ്യമാണ്.

ശൗചാലയങ്ങളുടെ എണ്ണം കൂട്ടേണ്ടതുണ്ട്.

വാട്ടർപ്യൂരിഫയറുകളുടെ സൗകര്യം കൂടുതലായി ലഭിക്കേണ്ടതുണ്ട്.

**സാമൂഹികം**

**നേട്ടങ്ങൾ**

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. ചഇഇ, ഖഞഇ, ഘശഭേഹല ഗശലേ എന്നീ വിഭാഗങ്ങൾ നല്ലതരത്തിലുള്ള സാമൂഹിക ഇടപെടലുകൾ നടത്താൻ സഹായിക്കുന്നു. സ്കൂളിൽ പ്രവർത്തിച്ചുവരുന്ന വിവിധറ്റരം ക്ലബ്ബുകളുടെ പ്രവർത്തനങ്ങളും സാമൂഹിക ബന്ധം വളർത്താൻ സഹായിക്കുന്നു.

സാമൂഹ്യ ശുചിത്വം, പരിസ്ഥിതി മലിനീകരണം തടയൽ, പ്രകൃതി സംരക്ഷണം, ബോധവത്കരണം, വൃക്ഷതൈകൾ വെച്ചുപിടിപ്പിക്കൽ, ലഹരിവിരുദ്ധ ബോധവത്കരണം, പ്രകൃതിപഠനം, ട്രാഫിക്ക് നിയന്ത്രണം, ജലം പാഴാക്കുന്നത് തടയൽ, പ്ലാസ്റ്റിക്ക് ഉപയോഗം തടയൽ പരമ്പരാഗത തൊഴിലുകളെക്കുറിച്ചുള്ള പഠനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി സ്കൂൾ നടപ്പാക്കുകയും സമൂഹത്തിന്റെ അംഗീകാരം നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

**പരിമിതികൾ**

പഠനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും വിവിധ യൂണിറ്റുകളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനങ്ങൾ ധാരാളം ഉള്ളതിനാലും അദ്ധ്യയന സമയം നഷ്ടപ്പെടാതെ നടത്തിയ പ്രവർത്തനം നടത്തേണ്ടതിനാലും ചില പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പരിമിതി ഉണ്ടാകുന്നു.

**അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ (വികസന ലക്ഷ്യങ്ങൾ)**

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
4. വായനാശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷിണി പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്ര, ഗണിത, SS
7. പ്രതിക പോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യ പർക്ക് ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അദ്ധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശിൽപ്പങ്ങൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണ്ണയം
20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാലാബ്
23. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
24. ഗവേഷണാത്മക പഠനം
25. കായികശേഷി വികസനം
26. വിലയിരുത്തൽ
27. ചോദ്യപേപ്പർ, ശിൽപ്പശാല
28. ഐ.ടി പഠനം കാര്യക്ഷമമാക്കൽ
29. ജന്മദിന പുസ്തകം
30. ചിത്രരചനാ ക്യാമ്പ്
31. മേളകൾ - ശാസ്ത്ര, ഗണിത, ഐ.ടി. SS, പ്രവൃത്തി പരിചയം
32. ക്ലാസ് PTA കാര്യക്ഷമമാക്കൽ

## പ്രവർത്തനം വിശദാംശങ്ങൾ

| ഉപമേഖല – ഇംഗ്ലീഷ് ഭാഷാ പഠനം പ്രവർത്തനം<br>1 – ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരി ക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ.<br><br>2). ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ – ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ<br><br>3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല<br><br>4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് – ഓരോ കുട്ടിയും | എല്ലാ ക്ലാസ്സും<br><br>ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക്<br><br>ആഴ്ചയിൽ ഒരു ദിവസം<br><br>എല്ലാ ദിവസവും – തുടർച്ചയായി | ബന്ധപ്പെട്ട ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ്<br><br>ക്ലാസ് ടീച്ചർ<br><br>ഇംഗ്ലീഷ് അധ്യാപകർ | സ്റ്റാഫ് ഫണ്ട് |
| **ഉപമേഖല: ഇംഗ്ലീഷ്<br>പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത രചനാ ക്യാമ്പ്. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരി ക്കൽ (CPTA കാണിക്കൽ). | 3 മാസത്തിൽ ഒരിക്കൽ – 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ, പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ.<br><br>3). ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്.<br><br>4). ഇംഗ്ലീഷ് സിനിമാ പ്രവർത്തനം. | മാസത്തിൽ ഒരിക്കൽ.<br><br>ആഴ്ചയിൽ ഒരു ദിവസം<br><br>2 മാസത്തിൽ | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി<br><br>ഇംഗ്ലീഷ് ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ്ബ് ഇൻചാർജ് | പി.ടി.എ<br><br>പി.ടി.എ |
| വ്യാകരണ ശുദ്ധി യോടെ ഭാഷ ഉപ യോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി (9 to 10, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ for Refreshment |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ വായനാകുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | സ്റ്റാഫ് ഫണ്ട് |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | സ്റ്റാഫ് ഫണ്ട് |
| ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കൽ | മികച്ച നിലവാരമുള്ള സിനിമകൾ സ്കൂൾ തലത്തിൽ പ്രദർശിപിച്ച് വിലയിരുത്തൽ | വാർഷികം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | സ്റ്റാഫ് ഫണ്ട് |

| ഉപമേഖല - മലയാളം<br>പ്രവർത്തനം 1 - ഭാഷാ ശേഷി വികസനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2). ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4). വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകംക്ലാസ് | 2 മാസം 1 വർഷക്കാലം | മലയാളം ടീച്ചർ, SRG | സ്റ്റാഫ് ഫണ്ട് |
| 2).എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാ ക്കൂട്ടം രൂപീകരിക്കൽ<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ.<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം- 1 വർഷം<br><br>ആവശ്യമനുസരിച്ച്<br><br>3 മാസം<br><br>6 മാസം-1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br><br>അലയാളം അധ്യാപകർ, SRG<br><br>മലയാളം ടീച്ചർ | സ്റ്റാഫ് ഫണ്ട് |

**ഉപമേഖല:**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന – പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. ഓരോ ക്ലാസിനും ഓരോ പത്രം. രാവിലെ പ്രധാനപത്രവാർത്തകളുടെ അവതരണം പത്രക്വിസ് | 3 മാസം ദിവസേന ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം ഇൻ ചാർജ്ജ് മലയാളം അധ്യാപകർ | സ്റ്റാഫ് ഫണ്ട് |
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ സാഹിത്യക്വിസ് ര ചനാ ശില്പശാല (കവിത,കഥ) കവിതാലാപന മത്സരം ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന സാഹിത്യക്കാരനുമായി സംവദിക്കൽ അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾവശം) | വർഷത്തിൽ 1 തവണ മാസത്തിൽ1 തവണ മാസത്തിൽ 1 തവണ 6 മാസത്തിൽ ഒരിക്കൽ മാസത്തിൽ 1 തവണ വർഷത്തിൽ 1 തവണ ആഴ്ചയിൽ ഒരിക്കൽ | SRG വിദ്യാരംഗം വിദ്യാരംഗം SRG വിദ്യാരംഗം വിദ്യാരംഗം SRG വിദ്യാരംഗം | സ്റ്റാഫ് ഫണ്ട് |
| 3. കഥയരങ്ങ് കവിയരങ്ങ് സംഘടിപ്പിക്കൽ | രചനകളുടെ ആസ്വാദനം നടപ്പാക്കൽ രചന സംബന്ധമായ അഭിരുചി വളർത്തൽ | വർഷത്തിൽ ഒരിക്കൽ | ക്ലബ്ബ് വിദ്യാരംഗം | സ്റ്റാഫ് ഫണ്ട് |

## ഉപമേഖല ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെവികസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | സ്റ്റാഫ് ഫണ്ട് |

## ഉപമേഖല സോഷ്യൽ സയൻസ് - മോക്ക് പാർലിമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക പ്രചാരണം, മിറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം തുടർന്ന് മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യാപകർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | സ്റ്റാഫ് ഫണ്ട് |

## ഉപമേഖല സാമൂഹ്യ ശാസ്ത്രം ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രപഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം | വർഷത്തിൽ 1 തവണ<br>ആഴ്ചയിൽ 1 തവണ | SS Teachers | സ്റ്റാഫ് ഫണ്ട് |

| ഉപമേഖല സാമൂഹ്യ ശാസ്ത്ര ബുള്ളറ്റിൻ ബോർഡ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **ഏജൻസി/ സാമ്പത്തികം** |
| സാമൂഹ്യ ശാസ്ത്ര-നൂതന അിറവുകൾ- കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും ഒരു വർഷം | S.S.ക്ലബ്ബ് | സ്റ്റാഫ് ഫണ്ട് |
| **ഉപമേഖല പഠനയാത്രകൾ** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **ഏജൻസി/ സാമ്പത്തികം** |
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്രകലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S.ടീച്ചേർസ് | PTA |
| **ഉപമേഖല സംവാദം സെമിനാർ** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **ഏജൻസി/ സാമ്പത്തികം** |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, S.S.Club | ജനപ്രതിനിധികൾ, PTA |

| ഉപമേഖല ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തികം |
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ, വിദ്യാഭ്യാസം ഫലപ്രദമാക്കൽ | 1.കരാട്ടെ, കളരിപ്പയറ്റ്, പൂരക്കളി തുടങ്ങിയവയിൽ പരിശീലനം.<br>2 കുട്ടികൾക്ക് യോഗ പരിശീലനം | ആഴ്ചയിൽ 2 ദിവസവും വൈകിട്ട് (പ്രവൃത്തി ദിനങ്ങളിൽ)<br>ആഴ്ചയിൽ പ്രവൃത്തിദിനങ്ങളിൽ വൈകിട്ട് 3.30 മുതൽ 4 മണി വരെ 3 മാസം | കായികാ ധ്യാപകൻ<br>കായികാ ധ്യാപകൻ | 25,000/ വിദ്യാഭ്യാസ വകുപ്പ്<br>25,000/ വിദ്യാഭ്യാസ വകുപ്പ് |
| **ഉപമേഖല സ്കോളർഷിപ്പ് പരീക്ഷ പരിശീലനം** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | NMMS USS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടു കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറ പ്പുവരുത്തൽ. | വർഷത്തിൽ 3 മാസം | സയൻസ് ടീച്ചർ<br>UP വിഭാഗം അധ്യാപകർ | സ്റ്റാഫ് ഫണ്ട് |

| മേഖല – അക്കാദമിക – സാമൂഹികം<br>ഉപമേഖല: CPTA ശക്തിപ്പെടുത്തൽ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ച റിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹ കരണം ഉറപ്പുവരുത്തലും | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനതെളിവുകൾ, എത്താതെപോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA യിൽ. | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG ക്ലാസ് ടീച്ചർ | സ്റ്റാഫ് ഫണ്ട് |

| മേഖല – അക്കാദമിക – സാമൂഹികം<br>ഉപമേഖല: പ്രാദേശിക പി.ടി.എ. (കോർണർ പി.ടി.എ) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പ്രാദേശിക പി.ടി.എ. രൂപീകരിക്കലും അക്കാദ മിക കാര്യങ്ങൾ പങ്കുവെക്ക ലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തലും | SSLCക്ക് മികച്ചവിജയം നേടുന്നതിന് 10–ാംതരം വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ മേഖലകളായി തിരിച്ച് പ്രാദേശിക പി.ടി.എ.യോഗങ്ങൾ ചേരൽ | വർഷത്തിൽ 3 പ്രാവശ്യം തുടക്കത്തി ലും ഡിസംബർ ജനുവരി മാസങ്ങളില ും | | സ്റ്റാഫ് ഫണ്ട് |

| മേഖല – അക്കാദമിക – സാമൂഹികം<br>ഉപമേഖല: എം.പി.ടി.എ ശക്തിപ്പെടുത്തൽ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| എം.പി.ടി.എ അംഗങ്ങളെ തെരഞ്ഞെടുത്ത് സമിതി രൂപീകരിച്ച് അമ്മമാരുടെ പങ്കാളിത്തം ഉറപ്പിക്കൽ | പാഠ്യ പാഠ്യേതര വിഷയങ്ങൾ, പൊതുവിഷയങ്ങൾ എന്നിവയിൽ അഭിപ്രായം ആരാഞ്ഞ് പരിഹാരം കണ്ടെത്തൽ | വർഷത്തിൽ 3 പ്രാവശ്യം | കൗൺസലി ങ്ങ് ടീച്ചർ ക്ലാസ് അദ്ധ്യാപകർ | സ്റ്റാഫ് ഫണ്ട് |

| ഉപമേഖല: ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. കുട്ടികളിൽ ശാസ്ത്രഭിരുച I വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവത രണം പരീക്ഷണക്കളരി-പരീക്ഷ ണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ.<br>2.സ്കൂൾ സയൻസ് എക്സിബിഷൻ<br>3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വേ, അഭിമുഖം, നിരീക്ഷണം | വർഷത്തിൽ 1 തവണ<br>വർഷത്തിൽ 1 തവണ<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | പി.ടി.എ.<br><br>സ്റ്റാഫ് ഫണ്ട് |
| 2.ശാസ്ത്രമേള കളിൽ പൂർണ്ണപങ്കാളി ത്തം ഉറപ്പുവരുത്ത ൽ. | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. <u>**ശാസ്ത്രലാബ് നവീകരണം**</u> ശാസ്ത്രലാബി നെ കാലാനുസൃത മായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായിബന്ധപ്പെ ട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകംപ്രത്യേകം സജ്ജീകരിക്കൽ. | | സയൻസ് ടീച്ചേർസ് | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോ ഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | MLA/MP ഫണ്ട് |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ കുട്ടി. കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീ ലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | സ്റ്റാഫ് ഫണ്ട് |
| 3. ശാസ്ത്രമാസിക ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ. | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | സ്റ്റാഫ് ഫണ്ട് |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സം ഘടിപ്പിച്ച് ചോദ്യശേ ഖരം തയ്യാറാക്കൽ ചോദ്യപേപ്പർ സമഗ്ര യിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | പി.ടി.എ സ്റ്റാഫ് ഫണ്ട് |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡ ലുകൾ ശില്പശാല യിലൂടെ നിർമ്മിക്കൽ | 3 മാസം | SRG, സയൻസ് ടീച്ചർ | പി.ടി.എ സ്റ്റാഫ് ഫണ്ട് |

| ഉപമേഖല: പരിസ്ഥിതി സംരക്ഷണം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തലൊരുക്കൽ. | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തിക മാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടു ത്തൽ, വള്ളിപ്പടർപ്പുകൾ കൊണ്ട് പന്തലൊരുക്കൽ. | 3 മാസം | ഇക്കോ ക്ലബ് | പി.ടി.എ. സ്റ്റാഫ് ഫണ്ട് |
| 2. സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ. | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറി യുന്നതിനും ഔഷധത്തോട്ടം വിപുലപ്പെ ടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമ കരണം, | 3 മാസം | ഇക്കോ ക്ലബ് | പി.ടി.എ. സ്റ്റാഫ് ഫണ്ട് |
| 3. ജൈവ വൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപ യോഗപ്പെടുത്തൽ | ജൈവ വൈവിധ്യ രജിസ്റ്റർ ശാസ്ത്രപഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവരു ത്തൽ. | 3 മാസം | ഇക്കോ ക്ലബ് JRC | പി.ടി.എ. സ്റ്റാഫ് ഫണ്ട് |
| 4. നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണസംരക്ഷണ മൊരുക്കൽ | എല്ലാ ദിവസവും | ഇക്കോ ക്ലബ് | പി.ടി.എ. സ്റ്റാഫ് ഫണ്ട് |
| 5. ശലഭോദ്യാനം നടപ്പാക്കൽ | നിലവിലെ പാർക്കിൽ ശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ നട്ടുവളർത്തി പരിപാലിക്കൽ | 3 മാസം | ഇക്കോ ക്ലബ് | പി.ടി.എ. സ്റ്റാഫ് ഫണ്ട് |
| 6. പ്രകൃതി പഠനം | പരിസ്ഥിതി പഠനത്തിനായി പ്രകൃതിപഠനയാത്ര സംഘടിപ്പിക്കൽ | വർഷത്തിൽ 1 തവണ | ഇക്കോ ക്ലബ് | പി.ടി.എ. സ്റ്റാഫ് ഫണ്ട് |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക<br>2). ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ. | ലാബ് സജ്ജീകരണം – അവധിക്കാലത്ത്.<br>ജൂൺ–ജൂലായ് | പി.ടി.എ, ഗണിത ടീച്ചർ<br>പി.ടി.എ, ഗണിത ടീച്ചർ | പി.ടി.എ. സ്റ്റാഫ് ഫണ്ട് |
| 2. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1). വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാനആശയങ്ങൾ ഉറപ്പിക്കുന്നു.<br>2). ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം<br>ജൂൺ 1 മാസം | ഗണിത ടീച്ചർ<br>ഗണിത ടീച്ചർ | പി.ടി.എ. സ്റ്റാഫ് ഫണ്ട് |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക്. | 1 വർഷം | ഗണിത ടീച്ചർ ഗണിത ക്ലബ്ബ് | പി.ടി.എ. സ്റ്റാഫ് ഫണ്ട് |
| 4 ഗണിത വീഥി | ജ്യാമതീയ രൂപങ്ങളും സംഖ്യകളും ഉപയോഗപ്പെടുത്തി നിർമ്മിച്ച ഗണിതവീഥി ഉപയോഗപ്പെടുത്തൽ | 1 വർഷം | ഗണിത ക്ലബ്ബ് | പി.ടി.എ. സ്റ്റാഫ് ഫണ്ട് |

| ഹിന്ദി<br>മേഖല: അക്കാദമികം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക. | 1). ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക.<br>2). ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക.<br>3).ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക.<br>4).ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക<br>5).ഹിന്ദി നാടകം നടത്തുക.<br>6). കുട്ടികളെ കൊണ്ട് ചെറുചെറുവിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക.<br>7). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | 2 മാസം ആവശ്യമനുസരിച്ച | ഹിന്ദി ടീച്ചർ<br>ഹിന്ദി ടീച്ചർ<br>SRG ഹിന്ദി ടീച്ചർ<br>ഹിന്ദി ടീച്ചർ<br>ഹിന്ദി ടീച്ചർ | പി.ടി.എ. സ്പോൺസർഷിപ്പ്<br>സ്റ്റാഫ് ഫണ്ട്<br>സ്റ്റാഫ് ഫണ്ട് |

**ഉപമേഖല: പ്രവൃത്തി പരിചയം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 1 വർഷത്തിൽ 1 മാസം | കലാ അദ്ധ്യാപകൻ | തദ്ദേശ സ്വയംഭരണ സ്ഥാപനം |

**ഉപമേഖല: കലാരംഗം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാമികവുള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും മറ്റ് കലാവാസനകളും ഉള്ളകുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ. | ആഴ്ചയിൽ 1 ദിവസം വർഷം മുഴുവൻ | കലാ അദ്ധ്യാപകൻ കലാമണ്ഡപം കൺവീനർ | പി.ടി.എ. സ്റ്റാഫ് ഫണ്ട് |

**ഉപമേഖല: ORC**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് ORC ട്രയിനിംഗ് സഹവാസ ക്യാമ്പുകൾ | ORC ട്രെയിനിംഗിന്റെ ഭാഗമായി സഹവാസ ക്യാമ്പുകളും ട്രെയിനിംഗ് ക്ലാസ്സുകളും. | 6 മാസത്തിൽ ഒരിക്കൽ | ORC, Nodel Teacher | സാമൂഹ്യ നീതി വകുപ്പ് |

**ഉപമേഖല: സ്വയം തൊഴിൽ നൈപുണി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം | തത്പരരായ കുട്ടികൾക്ക് സ്വയം തൊഴിൽ നൈപുണി വികസനത്തിന്റെ ഭാഗമായി സൗജന്യ പരമ്പരാഗത തൊഴിൽ പരിശീലനം. | ആഴ്ചയിൽ 1 ദിവസം വൈകുന്നേരം. 2 വർഷം | ക്ലബ്ബ് കൺവീനർ | പി.ടി.എ. സ്റ്റാഫ് ഫണ്ട് |

| ഉപമേഖല: കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖ ലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തി ക്കൽ | എല്ലാ ദിവസവും രാവിലെ യും വൈകീട്ടും അവധി ദിവ സങ്ങളിലും 1 വർഷം | കായികാ ധ്യാപകൻ | പി.ടി.എ. |
| | എ).ഫുട്ബോൾ, ബോക്സിങ്ങ് പരിശീലനം. തിരഞ്ഞെടുത്ത കുട്ടികൾക്ക് രാവിലെയും വൈകിട്ടും ക്ലാസ് സമയത്തിന് മുമ്പും പിമ്പും പരിശീലനം | 1 വർഷക്കാല ം | കായികാ ധ്യാപകൻ | സ്റ്റാഫ് ഫണ്ട് |

,

| ഉപമേഖല : കൗൺസിലിങ്ങ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **പിന്തുണ /സാമ്പത്തികം** |
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകൽ. നല്ല വ്യക്തിത്വമുള്ളവരാക്കൽ. | ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളാ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ ഇൻഡിവിഡിൽ കൗൺസിലിങ്ങ്, ഗ്രൂപ്പ് കൗൺസിലിങ്ങ് | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | കൗൺസിലിങ്ങ് ടീച്ചർ | സ്റ്റാഫ് ഫണ്ട് |
| രക്ഷിതാക്കൾക്കുള്ള കൗൺസലിങ്ങ് | വിവിധ പ്രശ്നങ്ങൾ നേരിടുന്ന രക്ഷിതാക്കൾക്ക് മാനസിക പിന്തുണ നൽകാൻ സഹായിക്കുന്ന കൗൺസിലിങ്ങ്. പ്രമുഖ കൗൺസിലിങ്ങ് വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കൽ | അക്കാദമിക വർഷത്തിൽ 2 പ്രാവശ്യം ആവശ്യം അനുസരിച്ച് | കൗൺസിലിങ്ങ് ടീച്ചർ | സ്റ്റാഫ് അസോസിയേഷൻ |

| ഉപമേഖല : ഹൈടെക് ക്ലാസ് മുറികൾ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **പിന്തുണ /സാമ്പത്തികം** |
| സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വവിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം | 2 വർഷം | പി.ടി.എ | ജനപ്രതിനിധികൾ, പൂർവ്വവിദ്യാർത്ഥികൾ |

| ഉപമേഖല : കലാപരിപോഷണം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **പിന്തുണ /സാമ്പത്തികം** |
| കുട്ടികളുടെ സർഗ വാസനകളെ പരിപോഷിപ്പിക്കൽ. | കുട്ടികളുടെ സർഗ വാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക. സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിതാരചന, കവിതാലാപനം, ഉപകരണ സംഗീതം തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ. | മുൻ വർഷങ്ങളിലെ പ്രവർത്തനത്തിന്റെ തുടർച്ച വർഷം മുഴുവൻ | കലാധ്യാപകർ, എസ്.ആർ.ജി<br><br>കലാമണ്ഡപം കൺവീനർ<br><br>സ്റ്റാഫ് അസോസിയേഷൻ സെക്രട്ടറി | പി.ടി.എ, സ്റ്റാഫ് ഫണ്ട്<br><br>സ്റ്റാഫ് ഫണ്ട്<br><br>സ്റ്റാഫ് ഫണ്ട് |
| കലാമണ്ഡപം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | നായർ സമാജം സ്കൂൾ നടത്തിവരുന്ന കലാപഠനകേന്ദ്രമായ കലാമണ്ഡപത്തിന്റ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക, തനത് കലാരൂപങ്ങൾ അഭ്യസിപ്പിക്കുക. | വർഷം മുഴുവൻ | | സ്റ്റാഫ് ഫണ്ട |

| ഉപമേഖല : കായിക മികവ് വർദ്ധിപ്പിക്കൽ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **പിന്തുണ /സാമ്പത്തികം** |
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ. കായിക മത്സരളിൽ മികവിലേക്കെത്തിക്കൽ | കുട്ടികൾക്ക് ഫുട്ബോൾ, വോളിബോൾ, ബാറ്റ്മിന്റൺ തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ. സംസ്ഥാനതല, ദേശീയ തല കായിക മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരി ശീലനം നൽകൽ | ജൂൺ മുതൽ എല്ലാ ദിവസവും | കായികാധ്യാപകൻ | പി.ടി.എ. സ്റ്റാഫ് അസോസിയേഷൻ |
| ബോക്സിങ്ങ് പരിശീലനം ആരംഭിക്കൽ | ബോക്സിങ്ങിൽ മികവ് നേടാനാറ്റി കുട്ടികൾക്ക് പരിശീലനം നൽകുന്നു | ജൂൺ മുതൽ ആഴ്ചയിൽ 2 ദിവസം | കായികാദ്ധ്യാപകൻ | പി.ടി.എ, സ്റ്റാഫ് ഫണ്ട് |

# ഉപസംഹാരം.

മാന്നാർ എൻ.എസ്.എച്ച്.എസ് സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാ ബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളു ടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്ക് ഉണ്ട്.